വയനാട് ജില്ലയിലെ മൃഗസംരക്ഷണ മേഖലയ്ക്ക് നൽകിയ ആനുകൂല്യം

138(1396) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ മൃഗ സംരക്ഷണ മേഖലയ്ക്ക് നൽകിയ ആനുകൂല്യങ്ങളുടെയും കൈവരിച്ച നേട്ടങ്ങ ളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ മൃഗ സംരക്ഷണ മേഖലയ്ക്ക് നൽകിയ ആനുകൂല്യങ്ങളുടെയും കൈവരിച്ച നേട്ടങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി കൊടുക്കുന്നു.* ഇതു കൂടാതെ പൂക്കോട് പ്രവർത്തിക്കുന്ന വെറ്ററിനറി കോളേജിനെ ശക്തിപ്പെടുത്തുന്നതിന് 5.09 കോടി രൂപ ഗ്രാമീണ പശ്ചാത്തല വികസന നിധിയിലൂടെ കണ്ടെത്തുകയും ഒരു വെറ്ററിനറി സർവ്വകലാശാല പൂക്കോട് ആസ്ഥാനമാക്കി തുടങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു നൂതന അറവുശാലയും മാംസസംസ്കരണ പ്ലാന്റും ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി മുഖേന നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ (10 കോടി രൂപ) സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള നടപടി

140(1397) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പാൽ, മുട്ട, മാംസം എന്നിവയുടെ പ്രതിദിന ആവശ്യം, ലഭ്യത ഇവ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്പോഴത്തെ പ്രതിദിന ഉപഭോഗത്തെക്കുറിച്ചും, അതിനായി മറ്റ് സംസ്ഥാനങ്ങളെ എത്രമാത്രമാണ് ആശ്രയിക്കേണ്ടിവരുന്നത് എന്നതിനെ സംബന്ധിച്ചും വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ :

(ഡി) ഉൽപ്പാദനത്തിലും ഉപഭോഗത്തിലുമുള്ള അന്തരം പരിഹരിക്കുന്നതിനായുള്ള നടപടി വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly